**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **10-03-2025 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിലെ പ്ലംബർ തസ്തികയുടെ പുനർനാമകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള വാട്ടർ അതോറിറ്റിയിലെ പ്ലംബർ തസ്തിക പുനർനാമകരണം ചെയ്യണമെന്ന പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോയെന്നും പ്രസ്തുത പുനർനാമകരണം ജല അതോറിറ്റിയ്ക്ക് സാമ്പത്തിക ബാധ്യത വരുത്തുന്നതാണോയെന്നും അറിയിക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിലെ പ്ലംബർ തസ്തിക പുനർനാമകരണം ചെയ്യണമെന്ന പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പതിനൊന്നാം ശമ്പള കമ്മീഷൻ ജല അതോറിറ്റിയിലെ എത്ര തസ്തികകൾ പുനർനാമകരണം ചെയ്യണമെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും നിലവിൽ എത്ര തസ്തികകൾ പുനർനാമകരണം നടത്തിയിട്ടുണ്ടെന്നും പുനർനാമകരണ പ്രക്രിയ എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | ജലഅതോറിറ്റിയിലെ തസ്തികകളായ,<br><br>1) അസിസ്റ്റന്റ് ഷിഫ്റ്റ് ഓപ്പറേറ്റർ, മെക്കാനിക്കൽ ഓപ്പറേറ്റർ, ഷിഫ്റ്റ് ഓപ്പറേറ്റർ, പമ്പ് ഓപ്പറേറ്റർ, ഓപ്പറേറ്റർ എന്നിവയെ സംയോജിപ്പിച്ച് ഓപ്പറേറ്റർ ആയും,<br><br>2) ഓവർസീയർ ഗ്രേഡ് I/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ; ഓവർസീയർ ഗ്രേഡ് II/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II ; ഓവർസീയർ ഗ്രേഡ് III/ട്രേസർ എന്നിവയെ യഥാക്രമം സബ് എഞ്ചിനീയർ ; ഓവർസീയർ ഗ്രേഡ് I/ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ; ഓവർസീയർ ഗ്രേഡ് II/ ട്രേസർ ആയും,<br><br>3) പ്ലംബർ തസ്തിക ജൂനിയർ പ്ലംബിംഗ് ഇൻസ്പെക്ടർ ആയും പുനർ നാമകരണത്തിന് പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തസ്തികകൾ ഒന്നും തന്നെ പുനർ നാമകരണം ചെയ്തു നൽകിയിട്ടില്ല. |
| (സി) | കേരള ജല അതോറിറ്റിയിൽ ടെക്നിക്കൽ സെപ്ഷ്യൽ റൂൾ ഉത്തരവായപ്പോൾ എത്ര തസ്തികയുടെ പേര് പുനർനാമകരണം നടത്തിയിട്ടുണ്ടെന്നും അപ്രകാരം നിലവിലെ തസ്തികൾക്ക് നൽകിയ പുതിയ പേരെന്തെന്നും വിശദമാക്കാമോ? | (സി) | കേരള ജല അതോറിറ്റിയിൽ ടെക്നിക്കൽ സെപ്ഷ്യൽ റൂൾ ഉത്തരവായപ്പോൾ തസ്തികകളുടെ പേര് പുനർനാമകരണം നടത്തിയിട്ടില്ല. ഓഫീസ് സൗകര്യാർത്ഥം എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയെ ഡെപ്യൂട്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയായും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയെ ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയായും, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 തസ്തികയെ |

| | | | |
|---|---|---|---|
| | | | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 / സബ് എഞ്ചിനീയർ ആയും തുല്യതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ